**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2881

18.08.2017- ൽ
മറുപടിയ്ക്ക്

**കൈവശഭൂമിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ.ആർ.കേളു** | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) വയനാട് ജില്ലയിലെ കൈവശഭൂമിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) വയനാട് ജില്ലയിലെ കൈവശ ഭൂമിക്കാർക്ക് കേരള ഭൂമി പതിവ് നിയമ പ്രകാരവും, കേരള ഭൂപരിഷ്കരണ നിയമ പ്രകാരവും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ പട്ടയം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ താഴെ പറയുന്ന നടപടികൾ പ്രകാരം പട്ടയം വിതരണം ചെയ്തിട്ടുള്ളതും അപ്രകാരം ആകെ 353 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.<br>1. ലാൻഡ് അസൈൻമെന്റ് ആക്ട് - 94<br>2. കെ.എൽ.ആർ ആക്ട് മിച്ച ഭൂമി - 6<br>3. ലാൻഡ് ട്രിബ്യൂണൽ പട്ടയം - 179<br>4. ലക്ഷം വീട് പട്ടയം - 40<br>5. ഭൂരഹിതരില്ലാത്ത കേരള പട്ടയം - 11<br>6. കൈവശ രേഖ - 23<br>------<br>ആകെ - 353 |
| സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്ര പേർക്ക് പട്ടയം വിതരണം ചെയ്യാവുന്നതായിട്ടുണ്ടെന്ന അറിയിക്കാമോ ? | (സി) നിലവിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പട്ടയം വിതരണം ചെയ്യാവുന്നതായിട്ടുള്ളവ ഇല്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**